Page 1 of 1
LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ.ഉ.(കൈ)01/14/ശാ.സാ.വ. തീയതി 1-2-2014 പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഒരു സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഒരു തവണയായി 25 കോടി രൂപ ലഭ്യമാക്കുന്നതിനും ആയത് അടുത്ത സാമ്പത്തികവർഷം മുതൽ 3 ഗഡുക്കളായി നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനങ്ങൾ**

**38 (1698)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും നിയമനങ്ങൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടം സെക്ഷൻ II പാർട്ട് IV സയന്റിസ്റ്റുകളുടെ നിയമന ചട്ടം 14 പ്രകാരം (അനുബന്ധമായി ചേർക്കുന്നു.)* നിയമനങ്ങൾക്ക് സ്വീകരിക്കുന്ന മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗ സംവരണ തത്വങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടെക്നിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. ടി. നിയമനങ്ങൾക്കുള്ള പട്ടിക ലഭ്യമാക്കുന്നത് സംവരണതത്വം പാലിച്ചുകൊണ്ടാണ്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള വയസ്സിളവ് നൽകിവരുന്നുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.